**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **12-06-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മേഖലയിൽ അരിവാൾ രോഗപരിശോധന നടത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടി മേഖലയിലെ ആദിവാസി ഊരുകളിൽ ഗതാഗത സംവിധാനങ്ങൾ കുറവായതിനാൽ അരിവാൾ രോഗപരിശോധന നടക്കുന്നില്ലെന്നതും തന്മൂലം രോഗികൾ മരണപ്പെടുന്നതും വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **അട്ടപ്പാടി മേഖലയിൽ ഗതാഗത സംവിധാനത്തിന്റെ അപര്യാപ്തതമൂലം സിക്കിൾസെൽ അനീമിയ രോഗികൾ രോഗനിർണയം നടക്കാതെ മരണപ്പെടുന്ന സാഹചര്യം നിലവിലില്ല.** |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ആദിവാസി മേഖലയിൽ എത്രപേർ അരിവാൾ രോഗം മൂലം മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; രോഗം മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | **മുൻ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി മേഖലയിൽ സിക്കിൾസെൽ അനീമിയ രോഗംമൂലം മരണപ്പെട്ടവരുടെ വിവരങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം അട്ടപ്പാടി മേഖലയിൽ 14 സിക്കിൾസെൽ അനീമിയ രോഗികൾ മരണപ്പെട്ടിട്ടുണ്ട്.**<br><br>**സിക്കിൾസെൽ അനീമിയ രോഗികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം 2,500/- രൂപ വീതം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ ഇവരുടെ ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ ഒറ്റ തവണ ധനസഹായം അനുവദിക്കുന്നതിന് 16.03.2024 ലെ സ.ഉ(സാധാ) നം.199/2024/പജപവവിവ പ്രകാരം പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സിക്കിൾസെൽ അനീമിയ രോഗികൾ ഉൾപ്പെട്ട 200 കുടുംബങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ